എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ കരട് നയം, അവരുമായി നടത്തിയ വിശകലനത്തിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചും ന്യൂനതകൾ പരിഹരിച്ചും ഭേദഗതി വരുത്തിയിട്ടുണ്ട്. പുതുക്കിയ കരട് നയം സർക്കാരിന്റെ പരിഗണനയിലാണ്.

സ്പോർട്സ് സർവ്വകലാശാല സ്ഥാപിക്കണമെന്ന സ്പോർട്ട്സ് കമ്മീഷൻ ശുപാർശ

24 (*534) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായികരംഗത്തിന്റെ സമഗ്ര പുരോഗതിക്കായി ഒരു സ്പോർട്ട്സ് സർവ്വകലാശാല സ്ഥാപിക്കണമെന്ന് സ്പോർട്ട്സ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സ്പോർട്ട്സ് മെഡിസിൻ രംഗം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന സ്പോർട്ട്സ് മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടും പഠനകേന്ദ്രവും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്.

(ബി) പരിഗണനയിലാണ്.

(സി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി&ഇ) പരിശോധിച്ചു വരുന്നു.

കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പദ്ധതികൾ

25 (*535) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അംഗീകരിച്ച കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പ് വഴി ചെയ്യേണ്ട പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച പ്രോജക്ടുകൾ ജലവിഭവ വകുപ്പ് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ;

(സി) അവ എന്നാണ് കേന്ദ്രത്തിന് സമർപ്പിച്ചത് ;

(ഡി) ഇനി ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ജലവിഭവ വകുപ്പിന് ഇല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിൽ ഏതെല്ലാം പദ്ധതികൾ കേന്ദ്രം നേരിട്ട് നടപ്പാക്കണ മെന്നാണ് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നത് ;

(എഫ്) അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ജി) ഇതിൽ ഏതെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ;

(എച്ച്) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ):

(എ) (1) തണ്ണീർമുക്കം ബണ്ട് നവീകരിക്കുകവഴി ഓരുവെള്ളം കയറുന്നത് തടയാനും കുട്ടനാടിന്റെ പരിസ്ഥിതി സംതുലിതാവസ്ഥ നിലനിർത്താനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(2) തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

(3) സി & ഡി ബ്ലോക്കുകളുടെയും റാണി ചിത്തിര ബ്ലോക്കുകളുടെയും ഭാഗത്തുള്ള കായലുകളിലെ വെള്ളപ്പൊക്ക നിയന്ത്രണം.

(4) ആലപ്പുഴ - ചങ്ങനാശ്ശേരി കനാലിന്റെ തടസ്സങ്ങൾ നീക്കി കനാൽ പൂർണ്ണമായും നവീകരിക്കുക

(5) നെൽകൃഷിയുടെ അഭിവൃദ്ധിക്കായി പാടശേഖരങ്ങളുടെ ബണ്ടുകൾ ഉയർത്തുക, ബലപ്പെടുത്തുക ഇവയുമായി ബന്ധപ്പെട്ട മോട്ടോർതറ, മോട്ടോർഷെഡ്, പൊതുമട, പൈപ്പ് കൾവർട്ട്, ബോക്സ് കൾവർട്ട് എന്നിവ നിർമ്മിക്കുക.

(6) കുട്ടനാടൻ തണ്ണീർതടത്തിലെയും ഓണാട്ടുകര, കുറവൂർ, പട്ടണക്കാട് എന്നീ പ്രദേശങ്ങളിലെയും പുഴകൾ, കനാലുകൾ, ഓടകൾ, കുളങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുക.

(7) കരിയാർ പോലെയുള്ള സ്ഥലങ്ങളിലെ 33 ഓരു മുട്ടുകൾക്കു പകരം സ്ഥിരം സംവിധാനം നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) ഉണ്ട്. കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികളുടെ പേരും സമർപ്പിച്ച തീയതിയും ചുവടെ ചേർക്കുന്നു ;

	പദ്ധതി	തീയതി
1	സി & ഡി.യും റാണി ചിത്തിര ബ്ലോക്ക് പാടശേഖരങ്ങൾ	2-3-10
2	ഗ്രൂപ്പ് 1-ൽപ്പെട്ട 14 പാടശേഖരങ്ങൾ	29-12-10
3	ഗ്രൂപ്പ് 2-ൽപ്പെട്ട 5 പാടശേഖരങ്ങൾ	
4	ഗ്രൂപ്പ് 3-ൽപ്പെട്ട 7 പാടശേഖരങ്ങൾ	9-3-10
5	ഗ്രൂപ്പ് 4-ൽപ്പെട്ട 6 പാടശേഖരങ്ങൾ	
6	ഗ്രൂപ്പ് 5-ൽ പ്പെട്ട 10 പാടശേഖരങ്ങൾ	
7	ഗ്രൂപ്പ് 7-ൽപ്പെട്ട 22 പാടശേഖരങ്ങൾ	23-3-10
8	ഗ്രൂപ്പ് 8-ൽപ്പെട്ട 6 പാടശേഖരങ്ങൾ	16-3-10
9	ഗ്രൂപ്പ് 9-ൽപ്പെട്ട 5 പാടശേഖരങ്ങൾ	2-3-10

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ & എഫ്) ജലസേചന വകുപ്പിനുകീഴിൽ നിർദ്ദേശിക്കപ്പെട്ട ഒരു പദ്ധതിയും കേന്ദ്രം നേരിട്ട് നടപ്പിലാക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടില്ല.

(ജി) താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

(i) സി & ഡി ബ്ലോക്ക്, റാണി ചിത്തിര ബ്ലോക്ക് പാടശേഖരങ്ങളുടെ പ്രവർത്തനം നടപ്പിലാക്കാൻ കരാർ ഒപ്പിട്ടു.

(ii) ഗ്രൂപ്പ് 1 ലും ഗ്രൂപ്പ് 2 ലും ഉൾപ്പെട്ട 19 പാടശേഖരങ്ങളുമായി ബന്ധപ്പെട്ട പണികൾക്കുവേണ്ടിയുള്ള കരാർ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

(എച്ച്) പ്രസ്തുത പദ്ധതികൾ 11-ാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ തന്നെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ജല അതോറിറ്റിയെ ഉപഭോക്തൃ സുഹൃദ് സ്ഥാപനമാക്കാൻ നടപടി

26 (*536) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. കെ. സി. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയെ ഒരു ഉപഭോക്തൃ സുഹൃദ് സ്ഥാപനമായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly